**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4922** **14-03-2023 - ൽ മറുപടിയ്ക്ക്**

**പുത്തൂർ-ചെനക്കൽ ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് (മൂന്നാം ഘട്ടം) റോഡിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരതുക ഉൾപ്പെടെയുള്ള പുതിയ ഡിസൈന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുകയ്ക്കുള്ള പുതുക്കിയ ഭരണാനുമതിയ്ക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണ പ്രവൃത്തിക്ക് വേണ്ടി സമർപ്പിച്ച 31,15,00,000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് GST പുതുക്കിയ നിരക്ക് ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട് |
| (ബി) | ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, അലൈൻമെന്റ് പ്ലാൻ എന്നിവയുടെ അടിസ്ഥാനത്തിൽ ബൈപ്പാസ് റോഡിന്റെ പുതിയ ഡിസൈൻ എറണാകുളം റീജിയണൽ ഡിസൈൻ യൂണിറ്റിൽ നിന്നും ലഭ്യമായിട്ടുണ്ടോ; പ്രസ്തുത ഡിസൈൻ പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; | (ബി) | Investigation report, Alignment Plan എന്നിവയുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്കനുസൃതമായി ഡിസൈൻ ചെയ്യുന്നതിന് അലൈൻമെന്റിൽ മാറ്റങ്ങൾ ആവശ്യമാണെന്നും, ഇതിനുള്ള സാധ്യത വിലയിരുത്തുന്നതിനാവശ്യമായ നടപടികൾക്കുമായി ഡിസൈൻ വിംഗിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സാധ്യതാപഠനത്തിന് നടപകൾ സ്വീകരിച്ചു വരുന്നു. അലൈൻമെന്റിൽ വ്യത്യാസം വരുത്തേണ്ടി വരുകയാണെങ്കിൽ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട ഏരിയ, തുക എന്നിവയിൽ വ്യത്യാസം വരാൻ സാധ്യതയുണ്ട്. ആയതിനാൽ പുതിയ അലൈൻമെന്റ് നിശ്ചയിച്ച് റോഡ് ഡിസൈൻ ലഭ്യമാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | Investigation report, Alignment Plan എന്നിവയുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾക്കനുസൃതമായി ഡിസൈൻ ചെയ്യുന്നതിന് അലൈൻമെന്റിൽ മാറ്റങ്ങൾ ആവശ്യമാണെന്നും, ഇതിനുള്ള സാധ്യത വിലയിരുത്തുന്നതിനാവശ്യമായ നടപടികൾക്കുമായി |

| | | | |
|---|---|---|---|
| | | | ഡിസൈൻ വിംഗിൽ നിന്നും കത്ത് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സാധ്യതാപഠനത്തിന് നടപകൾ സ്വീകരിച്ചു വരുന്നു. അലൈൻമെന്റിൽ വ്യത്യാസം വരുത്തേണ്ടി വരുകയാണെങ്കിൽ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട ഏരിയ, തുക എന്നിവയിൽ വ്യത്യാസം വരാൻ സാധ്യതയുണ്ട്. ആയതിനാൽ പുതിയ അലൈൻമെന്റ് നിശ്ചയിച്ച് റോഡ് ഡിസൈൻ ലഭ്യമാക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ